**INDIAN SCHOOL SOHAR**
**FINAL EXAMINATION (2022 - 23)**
**MALAYALAM (012)**

**No. of Printed Pages: 6**

**CLASS: IX** **MAX.MARKS: 80**
**DATE: 02/03/2023** **TIME: 3 hrs.**

**General Instructions**

- This question paper contains 6 printed pages
- Write the serial number of the question before attempting it
- Separate instructions are given for each section , wherever necessary
- The question paper is divided into two sections:-
  Section A: Reading comprehension,
  :Vocabulary building and MCQ : 40 Marks
  Section B: Grammar, Composition &
  :Literature (Prose, Poetry& Non-detailed) : 40 Marks

## എ വിഭാഗം /A Section

**1.താഴെക്കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് ഉത്തരമെഴുതുക** **(8 x 1 = 8)**

കവിതാമാധുരി തിങ്ങിനിറഞ്ഞൊരു
തറവാടാണീ മലയാളം
തുഞ്ചൻ പോറ്റിയ ശാരികയിന്നും
കൊഞ്ചിക്കുഴയും മലയാളം
കുഞ്ചൻ പാടിയ തുള്ളൽ പാട്ടിൻ
ശിഞ്ജിതമുയരും മലയാളം
മഞ്ജുളമാകും കൃഷ്ണപ്പാട്ടിൻ
മഞ്ജരി പൊഴിയും മലയാളം
പൂന്താനത്തിൻ പാനയിലൂറിയ
പൂന്തേൻ വഴിയും മലയാളം
വഞ്ചിപ്പാട്ടിനെ മഞ്ചലിലേറ്റിയ
രാമപുരത്തിൻ മലയാളം
ആശാനാശയ ഗാംഭീര്യത്തിൻ
തിരികൾ കൊളുത്തിയ മലയാളം
ശബ്ദമനോഹര ഗീതികൾ പാടിയ
വള്ളത്തോളിൻ മലയാളം
ഉല്ലേഖങ്ങൾ പാടിയ സാക്ഷാൽ
ഉള്ളൂർക്കവിയുടെ മലയാളം
ഇന്നും ചങ്ങമ്പുഴയുടെ രമണൻ
മുരളികയൂതും മലയാളം
പൊന്നോടക്കുഴൽ നമ്മൾക്കേകിയ
ജിയുടെ നാടാം മലയാളം
കവിതാമാധുരി തിങ്ങിനിറഞ്ഞൊരു
തറവാടാണീ മലയാളം .

**ചോദ്യങ്ങൾ**

a) മഞ്ജരീ വൃത്തത്തിൽ എഴുതിയിട്ടുള്ള കൃതി ഏത് ?
( തുള്ളൽപ്പാട്ട് , രമണൻ , കൃഷ്ണപ്പാട്ട് , കിളിപ്പാട്ട് )

b) ശബ്ദ മനോഹര ഗീതികൾ പാടിയ കവി ?
( കുമാരനാശാൻ , വള്ളത്തോൾ , ഉള്ളൂർ , ചങ്ങമ്പുഴ )

c) ഉള്ളൂരിന് നൽകുന്ന വിശേഷണം എന്ത് ?
( ഉല്ലേഖ ഗായകൻ , ആശയ ഗംഭീരൻ , ശബ്ദസുന്ദരൻ , തത്ത്വചിന്തകൻ )

d) മലയാളകവിതയിൽ ഇന്നും കേൾക്കുന്ന മുരളീനാദം ആരുടെ ?
( ജി .ശങ്കരക്കുറുപ്പ് , ചങ്ങമ്പുഴ , വള്ളത്തോൾ , ആശാൻ )

e) പൂന്തേൻ വഴിയുന്ന പാന രചിച്ച കവി ?
( എഴുത്തച്ഛൻ , കുഞ്ചൻ നമ്പ്യാർ , പൂന്താനം , ചെറുശ്ശേരി )

f) മലയാളത്തിൽ ശിഞ്ജിതമുയർത്തിയ പാട്ട് ഏത് ?
( കൃഷ്ണപ്പാട്ട് , കിളിപ്പാട്ട് , വഞ്ചിപ്പാട്ട് , തുള്ളൽപ്പാട്ട് )

g) ആശയ ഗംഭീരൻ ആര് ?
( ഉള്ളൂർ , ജി. ശങ്കരക്കുറുപ്പ് , ആശാൻ , വള്ളത്തോൾ )

h) ജി. ശങ്കരക്കുറുപ്പിന്റെ കവിത ഏത് ?
( രമണൻ , കൃഷ്ണഗാഥ , ഓടക്കുഴൽ , ഉമാകേരളം )

i) വഞ്ചിപ്പാട്ടിനെ മഞ്ചലിൽ ഏറ്റിയ കവി?
( എഴുത്തച്ഛൻ , ചെറുശ്ശേരി , പൂന്താനം , രാമപുരത്ത് വാര്യർ )

j) ആരാണ് കൊഞ്ചിക്കുഴയുന്നത് ?
( മലയാള തറവാട് , ശാരിക , പൂന്തേൻ , മുരളിക )

**2. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക** **(8 x 1 = 8)**

a) കാഞ്ചി – എന്നതിന് പര്യായം ആയി വരുന്ന പദം?
( കാഞ്ചനം , മാല , അരഞ്ഞാണം , സഞ്ചാരി )

b) സൂക്ഷ്മം – എന്നതിന്റെ വിപരീതപദം ?
( സസൂക്ഷ്മം , സ്ഥൂലം , സ്ഥാനം , നിർസൂക്ഷ്മം )

c) സാധു – എന്നതിന്റെ നാനാർഥപദം ഏത്?
( സമ്പന്നൻ , ഭീരു , പിശുക്കൻ , സന്യാസി )

d) ശരിയായ പദം ഏത്?
( ആഡംബരം , ആദംബരം , ആടംഭരം , ആടംബരം )

e) താര് – പാര് ഇവയുടെ അർഥവ്യത്യാസം കണ്ടെത്തിയെഴുതുക
( നക്ഷത്രം – ഭൂമി , പൂവ് – വളരെ , പൂവ് – ഭൂമി , മരം – ലോകം )

f) വിശ്വസിക്കാനാവാത്തത് – ഈ വാക്കിന്റെ ഒറ്റപ്പദം എന്ത്?
( വിശ്വസനീയം , അതിവിശ്വസനീയം , വിശ്വാസ്യം , അവിശ്വസനീയം )

g) അഭിജാതൻ - എതിർലിംഗം എഴുതുക
( അഭിജാതി , അഭിജാതിനി , അഭിജാത , അനഭിജാത )

h) ദീനൻ – എന്ന വാക്കിന്റെ നാനാർഥപദമായി വരാത്തത് ഏത് ?
( രോഗി , ദു:ഖിതൻ , ദാനം ചെയ്യുന്നവൻ , ക്ഷീണിതൻ )

i) ‘ആന ‘ യുടെ പര്യായമായി വരുന്ന പദം ഏത്?
(ഹസ്തം, ഗജം , കരം , ദന്തം )

j) ആചാരം – എന്ന വാക്കിന്റെ വിപരീതം എന്ത്?
( അനാചാരം , നിരാചാരം , അത്യാചാരം , സദാചാരം )

**3. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്നും ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക** **(4 x 2 = 8)**

**a) " ചൊവ്വോടു മൗലിയിൽ ചേർത്തുതാവൂ "**

I) അക്രൂരൻ മൗലിയിൽ ചേർത്തുവയ്ക്കാൻ ആഗ്രഹിക്കുന്നതെന്ത് ?
( ഉണ്ണിക്കൈ , പൂഴി , ചേവടി , അമൃത് )

II) അക്രൂരൻ പൂഴിയിൽ വീണു പുരണ്ടത് എന്തുകൊണ്ട് ?
( ദു: ഖം കൊണ്ട് , ആമോദം കൊണ്ട് , യാത്രാക്ഷീണം കൊണ്ട് , പേടി കൊണ്ട് )

**b) "ഞാൻ നമ്മുടെ കാവേരി കാര്യങ്ങൾ ഓർത്തു , മറന്നു കളഞ്ഞു "**

I) ഇങ്ങനെ പറഞ്ഞതാര് ?
(എസ് .കെ. പൊറ്റക്കാട്ട് , സക്കറിയ , എം . എൻ . വിജയൻ , നിത്യചൈതന്യ യതി )

II) ഇങ്ങനെ പറഞ്ഞ സന്ദർഭം ഏത് ?
( ആഫ്രിക്കയിൽ എത്തിയപ്പോൾ , നദിയിൽ കുളിക്കാൻ ഇറങ്ങിയപ്പോൾ , വെള്ളച്ചാട്ടം കണ്ടപ്പോൾ , മൈക്കിളിനോട് സംസാരിച്ചപ്പോൾ )

**c) " ജീവിതം കയറ്റിയോരുൽക്കടഭാരം തിങ്ങു -**
**മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ "**

I) ഈ വരികളിൽ സാധു എന്നു ആരെക്കുറിച്ചാണ് പറയുന്നത് ?
( കാള , കൃഷിക്കാരൻ , കാളവണ്ടിക്കാരൻ , യാത്രക്കാരൻ )

II) വണ്ടിക്കാരന്റെ കണ്ണുകൾ എങ്ങനെയുള്ളതായിരുന്നു ?
( നിർജീവം , നിർന്നിമേഷം, നിശ്ചലം , നിർജലം )

**d) "സമൃദ്ധി തൻ കണ്ണീരെത്ര കുടിച്ചാലും വരം , അയ്യോ**
**ദരിദ്രന്റെ മരവിപ്പാണസഹനീയം "**

I) 'അതേ പ്രാർഥന' എന്ന കവിത ഏതു കൃതിയിൽ നിന്ന് എടുത്തതാണ് ?
( ഓർക്കുക വല്ലപ്പോഴും , കൽപശാഖി , കൃഷ്ണഗാഥ , ത്രിവിക്രമന്നു മുന്നിൽ )

II) ഇടശ്ശേരിയുടെ വിശേഷണം എന്ത് ?
( മഹാകവി , ശക്തിയുടെ കവി , ഗാനരചയിതാവ് , സൗന്ദര്യാരാധാകൻ )

**e) "ഇരുട്ടു തൽക്കാലമകറ്റിയീശൻ "**

I) എന്ത് ഉപയോഗിച്ചാണ് ഈശൻ ഇരുട്ട് അകറ്റുന്നത് ?
( ഉഡുപംക്തിയെക്കൊണ്ട് , മിന്നാമിനുങ്ങിനെ കൊണ്ട് , ചന്ദ്രനെക്കൊണ്ട് , വിളക്ക് കൊണ്ട് )

II) ദീപപ്രഭ കൂടുതൽ വേണ്ടത് എന്തിന് ?
(ഉറങ്ങുന്നതിന് , നന്മ ചെയ്യുന്നതിന് , വിശ്രമിക്കുന്നതിന് , ജോലി ചെയ്യുന്നതിന് )

**f ) " അങ്ങ് ഒരു മഹാത്മാവ് , ഞാനൊരു പാവപ്പെട്ട ഭക്തൻ . ഞാൻ ഒരിയ്ക്കലും അനുസരണക്കേട് കാണിക്കുകയില്ല "**

I) ഇത് ആരുടെ വാക്കുകൾ ?
( വെയിറ്റർ , രാംഗോപാൽമിശ്ര , സ്റ്റേഷൻ മാസ്റ്റർ , കർത്താർ സിങ് )

II) " യതി തീവണ്ടിയിൽ നിന്നും പുറത്തിറങ്ങിയത് എന്തിന് ?
( ഊണ് കഴിക്കാൻ , സ്റ്റേഷൻ മാസ്റ്ററെ കാണാൻ , പുസ്തകം വാങ്ങിക്കാൻ , ടാക്സി പിടിക്കാൻ )

**4. ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്നും ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക** **(4 x 4 = 16)**

**a) " നമ്മുടെ ഇന്ദ്രിയങ്ങൾ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്ന തിരിച്ചറിവിന്റെ ഭാഷകൾക്കപ്പുറത്താണ് വിക്ടോറിയ ജലപാതത്തിന്റെ നിൽപ്പ് "**

I) വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ ഉത്ഭവം എവിടെ ? (
സാംബിയയിൽ , ബോട്സ്വാനയിൽ , അംഗോളായിൽ , സിംബാബ്വേയിൽ )

II) വെള്ളച്ചാട്ടത്തെ നാട്ടുകാർ എന്താണ് വിളിച്ചിരുന്നത് ?
( പുകയും ശബ്ദവും ഉള്ളിടം , ഇടിമുഴക്കം ഉള്ളിടം , മേഘങ്ങളുടെ താഴ്‌വര , ശബ്ദമുള്ള പുകയുള്ളിടം )

III) വെള്ളച്ചാട്ടം പാറയിടുക്കിൽ പതഞ്ഞു പുളയുന്നത് എന്തിനെപ്പോലെ ?
( നാഗത്തെപ്പോലെ , ചീങ്കണ്ണിയെപ്പോലെ , മഴവില്ല് പോലെ , മീനുകളെപ്പോലെ )

IV) പ്രകൃതിയുടെ പ്രതിഭാസങ്ങളെ അപകടങ്ങൾ തരണം ചെയ്ത് അന്വേഷിച്ചു പോകാനുള്ള പ്രേരണ ആർക്കാണ് ഉണ്ടായിരുന്നത് ?
( ആഫ്രിക്കക്കാരന് , സക്കറിയയ്ക്ക് , വെള്ളക്കാരന് , മിഷണറിമാർക്ക് )

**b) "ഉച്ചക്ക് വഴിവക്കിൽ പേരാലിൽ ചുവട്ടിലായ് "**

I) പേരാലിൻ ചുവട്ടിൽ ശയിക്കുന്നത് ആര് ?
(വണ്ടിക്കാരൻ , പഥികർ, തത്തകൾ , കാളകൾ)

II) ജീവിതത്തിന്റെ നുകം പേറി നടക്കുന്നത് ആര് ?
( വണ്ടിക്കാരൻ , കാള , മൂങ്ങ , കർഷകർ )

III) "ഒട്ടേറെയപൂർവമായ് കേൾക്കാം " – എന്താണ് അപൂർവമായി കേൾക്കുന്നത് ?
( കാളയുടെ കരച്ചിൽ , വണ്ടിത്തണ്ടിന്റെ ഞരക്കം , വണ്ടിക്കാരന്റെ മൂളിപ്പാട്ട് , മൂങ്ങകളുടെ മൂളൽ )

IV) പഴന്തുണി മൂടിയ മരക്കട്ടിലുമായി മുന്നേറിയത് ആര് ?
( ബന്ധുക്കൾ , നാലുപേർ , മിത്രങ്ങൾ , പഥികർ )

**c ) "വസന്തത്തോടർഥിച്ചത് വെറുതെയായില്ല "**

I) എന്താണ് തേൻമാവ് വസന്തത്തോട് അർഥിച്ചത് ?
( സ്വർല്ലോകം , കലുഷ ജന്മം , നിഷ്ഫല ജന്മം , സഫലജന്മം )

II) മായിക നഗരം പോലെ ചമഞ്ഞത് എന്ത് ?
( പാതവക്ക് , സ്വർഗം , മാന്തോപ്പ് , നിരത്ത് )

III) മാവിന്റെ നിക്ഷേപങ്ങൾ മാണിക്യരത്നങ്ങളായി മാറിയതെങ്ങനെ ?
( വേനലിൽ ഊതിയൂതി , സമൃദ്ധി വർധിച്ചപ്പോൾ , കാക്കകൾ പറന്നെത്തിയപ്പോൾ , കുട്ടികൾ കളിയ്ക്കാൻ വന്നപ്പോൾ )

IV) ചിറകു മുളച്ചത് ആർക്ക് ?
( കാക്കകൾക്ക് , മാവിന് , കുട്ടികൾക്ക് , കല്ലുകൾക്ക് )

**d) " ഉള്ളവന് ആർഭാടമാകുന്നു തെളിവ് "**

I) ആർഭാടത്തിനെതിരായ ആദ്യത്തെ ശബ്ദം ആരുടേതായിരുന്നു ?
( മഹാത്മാഗാന്ധി , ശ്രീ നാരായണഗുരു , ചട്ടമ്പി സ്വാമികൾ , സ്വാമി വിവേകാനന്ദൻ )

II) സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടത് എന്തുകൊണ്ട് ?
( ആർഭാടം കൊണ്ട് , മത്സരം കൊണ്ട് , ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടി കൊണ്ട് , ഇച്ഛാശക്തി കൊണ്ട് )

III) ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ട് വരാൻ കഴിയുന്നത് ആർക്ക് ?
( സമുദായ സ്ഥപനങ്ങൾക്ക് , രാഷ്ട്രീയക്കാർക്ക് , സർക്കാരിന് , ജനങ്ങൾക്ക് )

IV) ഈ പാഠഭാഗം ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?
( നോവൽ , ജീവചരിത്രം , നിരൂപണം , ആത്മകഥ )

**e) "സായമായുള്ളോരു കാലംവരുന്നപ്പോ-**
**ളായർ കുലം തന്നിൽ ചെന്നു പുക്കാൻ "**

I) ഈ വരികൾ എഴുതിയ കവി ആര് ?
( ഇടശ്ശേരി , എഴുത്തച്ഛൻ , ചെറുശ്ശേരി , ഉള്ളൂർ )

II) ഈ വരികളിലെ വൃത്തം ഏത് ?
(കാകളി , കളകാഞ്ചി , മഞ്ജരി , മണികാഞ്ചി )

III) തന്നിരിക്കുന്നവയിൽ അക്രൂരന്റെ ചിന്തകളിൽ പെടാത്തത് ഏത് ?
(കണ്ണനെ ഓടിച്ചെന്ന് ആലിംഗനം ചെയ്യും , ഉണ്ണിക്കൈയിൽ ഉമ്മ വയ്ക്കും , കണ്ണന്റെ കാന്തി കണ്ട് ആനന്ദിക്കും , കണ്ണനോടൊപ്പം വെണ്ണ ഭക്ഷിക്കും )

IV) കണ്ണന്റെ കൺമുനയെ എന്തായി കൽപ്പിച്ചിരിക്കുന്നു ?
( ആമ്പൽ , നിലാവ് , പൂവ് , കാർവണ്ട് )

## ബി വിഭാഗം / B Section

**5. a) പ്രയോഗം മാറ്റുക** **(2 x 1 = 2)**

I) വിക്ടോറിയ വെള്ളച്ചാട്ടം അന്തർമുഖരെ ധ്യാനത്തിലേക്ക് നയിക്കുന്നു
II) ഞാൻ എന്റെ കഥ അങ്ങോട്ടും പറഞ്ഞു

**b) അംഗവാക്യം , അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക** **(2 x 1 = 2)**

I) കിഴക്കനാഫ്രിക്കയുടെഅന്തർഭാഗങ്ങളിൽ ആദ്യമായി പതിഞ്ഞ വെള്ളക്കാരന്റെ കാലടികൾ അദ്ദേഹത്തിന്റെതായിരുന്നു
II) ഉണർവും മത്സരവും ഏറിയ നമ്മുടെ സമുദായത്തിൽ ആർഭാടത്തിന്റെ ഉന്മാദം വർദ്ധിച്ചുവരുന്നു

**c) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യം ആക്കുക** **(2 x 1 = 2)**

I) ദീർഘയാത്ര ആയതുകൊണ്ട് കിടക്കയും മറ്റ് സാധനങ്ങളും എടുത്തു.
II) എന്നെ ഭയാനകമായ എന്തോ ഒന്ന് പിടിച്ചുകുലുക്കി

**d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2 x 1 = 2)**

I) പ്രതിവർഷംതോറും കോടാനുകോടി ഡോളറിന്റെ ആദായമുണ്ടാക്കുന്ന വെള്ളച്ചാട്ടത്തെ ഇരു രാജ്യങ്ങളും പങ്കിടുന്നു.
II) അയാൾ മുന്നൂറു രൂപ എന്റെ മടിയിൽ വച്ച് കാലിൽ തൊട്ട് പാദനമസ്കാരം ചെയ്തു .

**e) ഏതെങ്കിലും <u>രണ്ടെണ്ണം</u> ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക** **(2 x 1 = 2)**

I) അവിസ്മരണീയം II) ഇച്ഛാശക്തി III) അസഹനീയം

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക ( ഓരോന്നിനും 5 മാർക്ക് വീതം )**

**a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക** **(1 x 5 = 5)**

I) യുദ്ധം – മാനവരാശിക്ക് ആപത്ത്
II) കായിക വിദ്യാഭാസത്തിന്റെ ആവശ്യകത

**b) കവർച്ചയും കൊലപാതകങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് സ്ഥലത്തെ സർക്കിൾ ഇൻസ്പെക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക** **(1 x 5 = 5)**

**c ) ഭക്ഷ്യ വിഷബാധയേറ്റ് ഒരു യുവതി മരിക്കാനിടയായതിനെത്തുടർന്ന് ഭക്ഷ്യസുരക്ഷാവകുപ്പ് മേധാവികൾ ഹോട്ടലുകളിൽ മിന്നൽപരിശോധന നടത്തിയതിനെക്കുറിച്ച് ഒരു പത്രവാർത്ത എഴുതുക** **(1 x 5 = 5)**

**7. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശം അനുസരിച്ച് ഉത്തരമെഴുതുക ( ഓരോന്നിനും മൂന്ന് മാർക്ക് വീതം )**

**a) ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** **(1 x 3 = 3)**

I) "ആർഭാടം ഒരു ഉൻമാദാവസ്ഥയാണ് " – എം .എൻ. വിജയന്റെ ഈ നിരീക്ഷണം എത്രമാത്രം ശരിയാണ് ? കുറിപ്പു തയ്യാറാക്കുക

II) കർത്താർസിങ് എന്ന ടാക്സിഡ്രൈവറുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക

**b) ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** **(2 x 3 = 6)**

I) തേൻമാവ് കവിയുടെയും മാമ്പഴം കവിതയുടെയും പ്രതീകമായി മാറുന്നുണ്ടോ എന്ന് 'അതേ പ്രാർഥന' എന്ന കവിതയെ അടിസ്ഥാനമാക്കി വിവരിക്കുക

II) വണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്ന് വിളിക്കാൻ കാരണമെന്ത് ?

III) കാഴ്ചയുടെയും കേൾവിയുടെയും ഏതെല്ലാം അനുഭവങ്ങളാണ് അമ്പാടിയിലെത്തിയ അക്രൂരനുണ്ടാകുന്നത് ? കുറിപ്പ് തയ്യാറാക്കുക

**8. ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക** **(2 x 3 = 6)**

I) മറ്റുള്ള സന്യാസിമാരിൽ നിന്ന് വിവേകാനന്ദനെ വ്യത്യസ്തനാക്കുന്നത് എന്തൊക്കെയായിരുന്നു?

II) ശ്രീരാമകൃഷ്ണമിഷന്റെ സ്ഥാപകലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു ?

III) തനിക്ക് വിദേശത്ത് പോകാനുള്ള അനുവാദം ഗുരുവിൽ നിന്ന് ലഭിച്ചിരിക്കുന്നു എന്ന് വിവേകാനന്ദന് തോന്നിയ സന്ദർഭം വിവരിക്കുക

*********************************************